# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>തോട്ടം തൊഴിലാളികളുടെ വേതനപരിഷ്ക്കരണം</u>

4221 ശ്രീ. എളമരം കരീം
,, എം. എ. ബേബി
,, കെ. കെ. ജയചന്ദ്രൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജീവസന്ധാരണത്തിനാവശ്യമായ മിനിമം കൂലി പോലും ലഭിക്കാത്തതിനാൽ തോട്ടം തൊഴിലാളികൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) അംഗീകൃത സംഘടനകൾക്ക് അർഹമായ പ്രാതിനിധ്യം നൽകി കരാർ രൂപീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>തൊഴിലാളികളുടെ തൊഴിൽ നിലവാരം ഉയർത്തുന്നതിന് നടപടി</u>

4222 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികളുടെ തൊഴിൽ നിലവാരവും അന്താരാഷ്ട്ര തൊഴിൽ സംഘടന നിർദ്ദേശിയ്ക്കുന്ന നിലവാരവും തമ്മിൽ താരതമ്യപഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിലെ പ്രധാന കണ്ടെത്തലുകൾ വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ തൊഴിലാളികളുടെ തൊഴിൽ നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
# 03.02.2014–ലെ മറുപടിക്ക്

<u>സംഘടിത മേഖലയിലെ തൊഴിലവസരങ്ങൾ</u>

4223 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംഘടിതമേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞ് വരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അവ എന്താണെന്ന് വിശദമാക്കാമോ;

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ചുമട്ടുതൊഴിൽ മേഖല ശക്തിപ്പെടുത്തൽ

4224 ശ്രീ. ബാബു എം. പാലിശ്ശേരി
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എം. ഹംസ
,, സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ചുമട്ടുതൊഴിൽ മേഖലയിലെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങളിൻമേൽ സംഘടനാ നേതാക്കളുമായി ചർച്ച ചെയ്തു സമന്വയമുണ്ടാക്കി തൊഴിൽരംഗം ശക്തിപ്പെടുത്താൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>തൊഴിൽത്തർക്കങ്ങളും വികസന പദ്ധതികളും</u>

4225

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, എൻ. ഷംസുദ്ദീൻ
,, കെ. എം. ഷാജി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള സ്വപ്നപദ്ധതികൾ തൊഴിൽത്തർക്കങ്ങളിൽപെട്ട് മുടങ്ങി, പൂർത്തീകരണത്തിൽ കാലതാമസവും നിർമ്മാണ ചെലവിൽ ഭീമമായ വർദ്ധനയുമുണ്ടായി പലപ്പോഴും നിലച്ചുപോകുന്ന അവസ്ഥ നിലനിൽക്കുന്ന കാര്യം ഗൗരവപൂർവ്വം കണക്കിലെടുത്തിട്ടുണ്ടോ;

(ബി) ഈ പ്രശ്നം നേരിടാൻ എന്തൊക്കെ പ്രായോഗിക നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ;

(സി) തദ്ദേശപദ്ധതി പ്രവർത്തനങ്ങളിൽ സംഘടിത ശക്തിയുപയോഗിച്ച് പണിയെടുക്കാതെ പണം വാങ്ങുന്ന അവസ്ഥയും, പണിയെടുത്താൽത്തന്നെ അതിഭീമമായ കൂലിക്കായി സമ്മർദ്ദം ചെലുത്തി പദ്ധതി തന്നെ ഇല്ലാതാക്കുന്ന സ്ഥിതിവിശേഷവും ഉണ്ടാകാതിരിക്കാൻ എല്ലാ ട്രേഡ് യൂണിയനുകളുമായും കൂടിയാലോചിച്ച് പോംവഴി കണ്ടെത്തി മെട്രോ റയിൽ പോലുള്ള പദ്ധതികൾ കാലാവധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള സാഹചര്യമൊരുക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>തൊഴിലാളികൾക്ക് ഉച്ചവിശ്രമം</u>

4226

ശ്രീ. സി. പി. മുഹമ്മദ്
,, ഐ. സി. ബാലകൃഷ്ണൻ
,, എ. റ്റി. ജോർജ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് കടുത്ത വേനൽക്കാലത്ത് ജോലിക്കിടയിൽ ഉച്ചവിശ്രമം ലഭിക്കത്തക്ക വിധത്തിൽ ജോലി സമയം പുനഃക്രമീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതു നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവ്</u>

4227 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' ആർ. സെൽവരാജ്
'' എ. പി. അബ്ദുള്ളക്കുട്ടി
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള അക്കാഡമി ഫോർ സ്കിൽഡ് എക്സലൻസ് വഴി സെക്യൂരിറ്റി മേഖലയിൽ തൊഴിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പിനായി സഹകരിച്ചത്;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>നൈപുണ്യം ഉച്ചകോടി</u>

4228 ശ്രീ. പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
'' എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'നൈപുണ്യം ഉച്ചകോടി' സംഘടിപ്പിക്കുക യുണ്ടായോ;

(ബി) പ്രസ്തുത ഉച്ചകോടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(സി) ഇതിലൂടെ എത്ര കമ്പനികളുമായി ധാരണാപത്രം ഒപ്പിടുന്നതിന് സാധിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള (ചിയാക്)</u>

4229 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
,, എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോംപ്രിഹെൻസീവ് ഹെൽത്ത് ഇൻഷ്വറൻസ് ഏജൻസി ഓഫ് കേരള (ചിയാക്) എന്നാണ് നിലവിൽ വന്നത്; ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) 'ചിയാകി'ന്റെ നിലവിലുള്ള പ്രവർത്തനം വിലയിരുത്തി യിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് കേന്ദ്ര വിഹിതം എപ്രകാരമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ഏതെങ്കിലും വിധത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ടെക്സ്റ്റൈൽ മേഖലയിലെ ജീവനക്കാരുടെ ക്ഷാമബത്ത</u>

4230 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ മേഖലയിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ക്ഷാമബത്ത ഏത് വർഷം അടിസ്ഥാനമാക്കിയുള്ളതാണ്;

(ബി) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടേയും അർദ്ധസർക്കാർ ജീവനക്കാരുടേയും ക്ഷാമബത്ത കാലാനുസരണം പുതുക്കി നിശ്ചയിക്കുമ്പോൾ ടെക്സ്റ്റൈയിൽ മേഖലയിലുള്ള ജീവനക്കാർക്ക് മാത്രം ക്ഷാമ ബത്ത പുതുക്കി നിശ്ചയിക്കാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ക്ഷാമ ബത്ത വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് വിവിധ ട്രേഡ് യൂണിയനുകൾ നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ക്ഷാമബത്ത പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ ക്ഷാമബത്ത പുതുക്കി നിശ്ചയിക്കാനായി സത്വര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014–ലെ മറുപടിക്ക്

<u>ക്ഷേമനിധി ആനുകൂല്യങ്ങളുടെ കുടിശ്ശിക</u>

4231 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷേമനിധി ബോർഡുകൾ ഓരോന്നിലും കുടിശ്ശികയായ ക്ഷേമനിധി ആനുകൂല്യങ്ങൾ പൂർണ്ണമായും ഉപഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി വരുന്ന തുകയെ സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ആനുകൂല്യങ്ങൾ നൽകുന്നതിൽ കുടിശ്ശിക വരുത്തിയ ക്ഷേമനിധി ബോർഡുകൾ ഏതൊക്കെയാണ്;

(സി) സർക്കാരിൽ നിന്നും അർഹമായ തുക ഇവയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ കുടിശ്ശികയെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഭൂവുടമ വിഹിതം</u>

4232

ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഭൂവുടമ വിഹിതം വർദ്ധിപ്പിക്കുന്നതിന് കേരള കർഷകത്തൊഴിലാളി നിയമം ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ വർദ്ധനവ് എത്രയാണെന്നും എന്നുമുതലാണെന്നും വ്യക്തമാക്കാമോ;

(ബി) റവന്യൂ വകുപ്പ് വഴി വർദ്ധിപ്പിച്ച നിരക്കിലുള്ള ഭൂവുടമ വിഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് 17.08.2010 ൽ സമർപ്പിച്ച നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വർദ്ധിപ്പിച്ച നിരക്കിലുള്ള ഭൂവുടമ വിഹിതം എന്നുമുതൽ പിരിച്ചെടുത്തു തുടങ്ങിയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>നീര ചെത്ത് തൊഴിലാളി ക്ഷേമനിധി ബോർഡ്</u>

4233 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീര ചെത്ത് തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമ നിധി ബോർഡ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏത് ക്ഷേമനിധി ബോർഡാണ് ആരംഭിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ നിലവിലുള്ള ക്ഷേമനിധി ബോർഡിൽ നീര കർഷകർക്ക് അംഗത്വമെടുക്കുന്നതിന് അനുമതി നൽകുമോ;

(ഡി) ഏത് ക്ഷേമനിധി ബോർഡിലാണ് അംഗത്വമെടുക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>അടൂർ കേന്ദ്രീകരിച്ച് കശുവണ്ടി തൊഴിലാളി ക്ഷേമനിധി ഓഫീസ്</u>

4234

ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ മുപ്പതോളം കശുവണ്ടി ഫാക്ടറികളിലായി ജോലി ചെയ്തുവരുന്ന ആയിരക്കണക്കിന് തൊഴിലാളികൾ കൊല്ലം, ആലപ്പുഴ ജില്ലകളിലുള്ള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ഓഫീസുകളെയാണ് ആശ്രയിച്ചുവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ തൊഴിൽ ദിനം നഷ്ടപ്പെടുത്തി ഏറെ ദൂരം സഞ്ചരിക്കേണ്ടതായ അവസ്ഥ ബോദ്ധ്യപ്പെട്ടുകൊണ്ട് ജില്ലയിൽ ഏറ്റവും അധികം ഫാക്ടറികളുള്ളത് അടൂർ താലൂക്കിലായതിനാൽ അടൂർ കേന്ദ്രീകരിച്ച് ഒരു കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) പത്തനംതിട്ട ജില്ലയുടെ സമീപത്തായുള്ള മറ്റ് ജില്ലകളിലെ തൊഴിലാളികൾക്ക് കൂടി സൗകര്യപ്രദമാകുന്ന ഈ നിർദ്ദേശം സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതിയിൽ അപകടമരണ ധനസഹായം</u>

4235 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികളിൽ എത്രപേർ ഇതുവരെ അപകടങ്ങളിൽപ്പെട്ടതായി ബോർഡിൽ അറിയിപ്പു ലഭിച്ചിട്ടുണ്ട്; എത്രപേർക്ക് എത്ര തുകയുടെ ചികിത്സാസഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ പ്രതിവർഷക്കണക്ക് നൽകുമോ;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട എത്ര തൊഴിലാളികൾ ഇതുവരെ അപകടത്തിൽപ്പെട്ട് മരണമടഞ്ഞിട്ടുണ്ട്; എത്രപേരുടെ നോമിനികൾക്ക് ഇതുവരെ ധനസഹായം അനുവദിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ചിറയിൻകീഴ് താലൂക്കിലെ അന്യസംസ്ഥാന തൊഴിലാളികളുടെ പാർപ്പിട കേന്ദ്രം

4236 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് താലൂക്കിൽ ഗവൺമെന്റ് കരാറുകാർ അന്യസംസ്ഥാന തൊഴിലാളികളെ പാർപ്പിക്കുന്ന എത്ര കേന്ദ്രങ്ങളുണ്ടെന്നും ഈ കേന്ദ്രങ്ങൾ എവിടെയൊക്കെയാണ് സ്ഥിതി ചെയ്യുന്നതെന്നും ഓരോ കേന്ദ്രത്തിലും എത്ര തൊഴിലാളികളെ വീതമാണ് താമസിപ്പിക്കുവാൻ അനുവദിച്ചിട്ടുള്ളതെന്നുമുള്ള വിശദവിവരം ലഭ്യമാക്കാമോ ;

(ബി) ജനവാസമേറിയ കേന്ദ്രങ്ങളിൽ നിയമം ലംഘിച്ചുകൊണ്ട് അന്യസംസ്ഥാനത്തൊഴിലാളികളെ കൂട്ടമായി പാർപ്പിക്കുന്നത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളുടെ</u>
<u>അനിയന്ത്രിതമായ കുടിയേറ്റം</u>

4237 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാന തൊഴിലാളികളുടെ അനിയന്ത്രിതമായ കുടിയേറ്റം സംസ്ഥാനത്ത് ഒരു സാമൂഹ്യപ്രശ്നമായി മാറിയിരിക്കുന്ന വസ്തുത സർക്കാർ പഠനവിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംസ്ഥാനത്തിന്റെ തൊഴിൽ ഘടനയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ ഉള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന സ്ഥിര നിയമനം</u>

4238 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പേർക്ക് സ്ഥിര നിയമനം നൽകി എന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ;

(ബി) വകുപ്പുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയല്ലാതെയുള്ള താല്ക്കാലിക നിയമനങ്ങൾ തടയുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) വകുപ്പുകളിൽ താൽക്കാലികമായി ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ അറിയിക്കുവാൻ കർശന നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള ശുപാർശകളിലെ സംവരണം</u>

T.4239

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനങ്ങൾക്കായി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുമ്പോൾ സംവരണ മാനദണ്ഡങ്ങൾ പാലിക്കാറുണ്ടോ;

(ബി) എങ്കിൽ പിന്നോക്ക സമുദായങ്ങളുടെ കാര്യത്തിലെ സംവരണ ക്രമം, സംവരണ ശതമാനം എന്നിവ വ്യക്തമാക്കുമോ;

(സി) നിയമനങ്ങൾക്ക് ശുപാർശ ചെയ്ത പിന്നോക്ക വിഭാഗങ്ങൾക്ക് അതിൻപ്രകാരം നിയമനം ലഭിയ്ക്കാതെ വന്നാൽ അത്തരം ഉദ്യോഗാർത്ഥികളുടെ തുടർസംവരണ ക്രമം എപ്രകാരമാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം</u>

4240 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ കഴിഞ്ഞ 5 വർഷത്തെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും കഴിഞ്ഞ 5 വർഷം സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലിക്കായി ശുപാർശ ചെയ്തവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ;

(സി) ഇതിൽ എത്രപേർക്ക് സ്ഥിര നിയമനം ലഭിച്ചു; എത്രപേർക്ക് താല്ക്കാലിക നിയമനം ലഭിച്ചു;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷമായി തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ഇ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നൈപുണ്യവികസന കേന്ദ്രങ്ങളാക്കി മാറ്റാനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കുന്നത് എങ്ങനെയെന്ന് വിശദമാക്കുമോ;

(ജി) സംസ്ഥാനത്ത് സ്വകാര്യ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് നിയമപരമായ പരിരക്ഷയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തവർ

4241 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലായി എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവരിൽ എസ്.എസ്.എൽ.സി., പ്ലസ്ടൂ/പ്രീഡിഗ്രി, ബിരുദം, ബിരുദാനന്തരബിരുദം, സാങ്കേതിക വിദ്യാഭ്യാസം എന്നീ യോഗ്യതയുള്ളവരുടെ എണ്ണം വെവ്വേറെ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

4242 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് രജിസ്ട്രേഷനും നിയമനവും</u>

4243 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ യഥാസമയം പുതുക്കുവാൻ കഴിയാത്തവർക്ക് സീനിയോരിറ്റി നിലനിർത്തി രജിസ്ട്രേഷൻ പുതുക്കുന്നതിന് നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി എത്ര നിയമനം നടത്തിയെന്നും അത് ഏതെല്ലാം തസ്തികയിലാണെന്നും ഇതിൽ സ്ഥിരം നിയമനം എത്രപേർക്ക് ലഭിച്ചുവെന്നു വെളിപ്പെടുത്തുമോ;

(സി) സ്ഥിര നിയമനം ലഭിച്ച തസ്തികകൾ ഏതെല്ലാമെന്നും വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>വയനാട് ജില്ലയിൽ എംപ്ലോയബിലിറ്റി സെന്ററുകൾ</u>

4244 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം എംപ്ലേയ്മെന്റ് എക്സ്ചേഞ്ചുകളെയാണ് എംപ്ലോയബിലിറ്റി സെന്ററാക്കി മാറ്റിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററാക്കി മാറ്റുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ ഏറ്റവും പിന്നോക്ക ജില്ലയായ വയനാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>തൊഴിൽ രഹിതർക്ക് മത്സരപരീക്ഷകളിൽ പരിശീലനം നൽകുന്നതിന് പദ്ധതി</u>

4245 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ഇപ്പോൾ തൊഴിൽ രഹിത വേതനം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ്;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ പുന:സംഘടിപ്പിച്ച് തൊഴിൽ രഹിതർക്ക് സ്വന്തമായി തൊഴിൽ കണ്ടെത്തുന്നതിനുതകും വിധം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയ്മെന്റ് ജനറേറ്റിംഗ് സെന്ററുകളാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പൊതു/സ്വകാര്യ മേഖലകളിൽ ജോലി കണ്ടെത്തുന്നതിനും മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനും ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ പി.എസ്.സി യുടേത് ഉൾപ്പെടെയുള്ള മത്സരപ്പരീക്ഷകളിൽ പങ്കെടുക്കുന്നതിനും മറ്റും പരിശീലനം നൽകാൻ എന്തെങ്കിലും പദ്ധതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>'ശരണ്യ' പദ്ധതി</u>

4246 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതകളായ വിധവകൾക്ക് 'ശരണ്യ' പദ്ധതി പ്രകാരം 2013 ജനുവരി മുതൽ ഡിസംബർ വരെ എത്ര തുക വിതരണം ചെയ്തുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് ലഭിച്ച അപേക്ഷകളിന്മേൽ എത്രയെണ്ണം തീർപ്പു കൽപ്പിക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം അപേക്ഷകളിൻമേൽ കാലതാമസം വരുത്താതെ തീർപ്പുകൽപ്പിച്ച് സഹായം ലഭ്യമാക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>'ബാർമാൻ' മാർക്ക് നിയമാനുസൃതമുള്ള വേതനം</u>

4247 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ മദ്യബാറുകളിൽ ജോലിചെയ്യുന്ന ബാർമാൻമാർക്ക് നിലവിൽ ലഭ്യമാക്കുന്ന വേതനം വളരെ പരിമിതമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എട്ട് മണിക്കൂറിലേറെ പ്രവർത്തിയെടുക്കുന്ന പ്രസ്തുത ജോലിക്കാരെ തൊഴിൽപരമായി ചൂഷണം ചെയ്തുവരുന്നതിനെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(സി) എങ്കിൽ ആയത് ഫലപ്രദമായി നടപ്പാക്കുന്നില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിന്മേൽ ഗൗരവമായ പരിഗണനയുണ്ടാകുമോ ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് നിയമാനുസൃതമുള്ള വേതനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു പഠനം നടത്തി മതിയായ വേതനവും തൊഴിൽ അവകാശങ്ങളും ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പേപ്പർ നിർമ്മാണ കമ്പനികളിൽ തൊഴിലാളികൾക്ക് മിനിമം വേതനം</u>

4248 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേപ്പർ നിർമ്മാണ കമ്പനികളിൽ മിനിമം വേതനം നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് മിനിമം വേതനമായി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ മേഖലയിൽ മിനിമം വേതനം നടപ്പാക്കാൻ സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ</u>

4249 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ തൊഴിലാളികളുടെ നിലവിലുള്ള ഭൗതികസാഹചര്യങ്ങൾ വളരെ ശോചനീയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ തീരെ അപര്യാപ്തമാണെന്ന വസ്തുതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ ആകർഷകമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.02.2014–ലെ മറുപടിക്ക്

<u>ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് തസ്തികകളിലേക്ക് നിയമനം</u>

4250 ശ്രീ. ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ 31–12–2013–ലെ കണക്ക് അനുസരിച്ച് എത്ര ഒഴിവുകൾ ഉണ്ടെന്നുള്ളത് എണ്ണവും, തസ്തികയും തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ എന്ന് അറിയാമോ; ലിസ്റ്റ് നിലവിലുണ്ടെങ്കിൽ ആയതിൽനിന്നും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡോക്ടർമാരുടെ പെൻഷൻ പ്രായം 60 വയസ്സാക്കി ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

അംഗ പരിമിതർക്ക് പുനർനിയമനം നൽകാൻ നടപടി

4251 ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 16/08/1999 നും 31/12/2003 നും ഇടയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള അംഗപരിമിതർക്ക് പുനർനിയമനം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഈ കാലയളവിൽ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ടോഡി വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ചീഫ് ഓഫീസിൽ ജോലി ചെയ്തിരുന്ന അംഗപരിമിതർക്ക് ഇതുവരെ നിയമനം നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) സർക്കാരിൽ നിന്ന് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും ഇവർക്ക് നിയമനം നൽകാത്ത സാഹചര്യത്തിൽ ഇവർക്ക് നിയമനം നൽകുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് എന്നേക്ക് നിയമനം നൽകുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്
### ഐ. റ്റി. ഐ. കളുടെ നിലവാരം

4252 ശ്രീ. ഹൈബി ഈഡന്‍
,, വര്‍ക്കല കഹാര്‍
,, പാലോട് രവി
,, റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരള അക്കാഡമി ഫോര്‍ സ്കില്‍ഡ് എക്സലന്‍സ് വഴി സംസ്ഥാനത്തെ ഐ.ടി. ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയര്‍ത്തുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങള്‍ എന്തെല്ലാമായിരുന്നു; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതി നടത്തിപ്പുമായി സഹകരിച്ചിട്ടുള്ളത്;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം കാര്യങ്ങള്‍ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>നാട്ടിക, ചേര്‍പ്പ് ഐ. ടി. ഐ.ക്ക് സ്വന്തമായി സ്ഥലം</u>

4253 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തില്‍ പെരിങ്ങോട്ടുകരയില്‍ പ്രവര്‍ത്തിക്കുന്ന ചേര്‍പ്പ് ഐ. ടി. ഐ.ക്ക് സ്വന്തമായി സ്ഥലം നല്‍കാമെന്ന് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍, സ്ഥലം വേണമെന്ന് ആവശ്യപ്പെട്ട്, ഗ്രാമവികസന വകുപ്പിന് തൊഴില്‍ പരിശീലന ഡയറക്ടര്‍ കത്ത് നല്‍കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കില്‍, ഗ്രാമവികസനവകുപ്പുമായി ബന്ധപ്പെട്ട് എത്രയുംവേഗം സ്ഥലം ലഭ്യമാക്കി ചേര്‍പ്പ് ഐ. ടി. ഐ. സ്ഥിരമായി നാട്ടിക മണ്ഡലത്തില്‍ പ്രവര്‍ത്തിപ്പിക്കുവാന്‍ ആവശ്യമായ സത്വരനടപടികള്‍ സ്വീകരിക്കുമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ബേപ്പൂർ ഐ. ടി. ഐ. ക്ക് കെട്ടിടം

4254 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഐ. ടി.ഐ ക്ക് കെട്ടിടം പണിയുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

<u>ഒറ്റപ്പാലം എലമ്പുലാശ്ശേരിയിൽ പുതിയ ഐ. റ്റി. ഐ.</u>

4255 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ എലമ്പുലാശ്ശേരിയിൽ ഒരു ഐ. റ്റി. ഐ. തുടങ്ങണമെന്ന ആവശ്യം പരിഗണനയിലുണ്ടോ;

(ബി) എലമ്പുലാശ്ശേരിയിൽ ഐ. റ്റി. ഐ. തുടങ്ങുന്നതിനായുള്ള ഭൂമിയും മറ്റ് അനുബന്ധ സൗകര്യങ്ങളും സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി അടിയന്തര നടപടികൾ സ്വീകരിക്കാമോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 03.02.2014–ലെ മറുപടിക്ക്

സർക്കാർ ഐ.ടി.ഐ കളിലെ പ്രിൻസിപ്പൽ നിയമനം

4256 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഐ.ടി.ഐ കൾ നിലവിലുണ്ട്; പ്രസ്തുത ഐ.ടി.ഐ കളിൽ പ്രിൻസിപ്പൽ ക്ലാസ് I, ക്ലാസ് II തസ്തികകളിൽ എത്ര ഒഴിവുണ്ട്;

(ബി) ഇവിടങ്ങളിൽ ഏതു തീയതി മുതലാണ് ഒഴിവുകൾ നിലവിൽ വന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>അന്യം നിന്ന കുലത്തൊഴിലുകളുടെ സംരക്ഷണം</u>

4257 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യം നിന്നു പോകുന്ന കുലത്തൊഴിലുകളെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം

4258 ശ്രീ. വി. റ്റി. ബൽറാം
,, എ. റ്റി. ജോർജ്
,, എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പ് 'ജനനി-അഫോർഡബിൾ ഹൗസിംഗ് സ്കീം' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതി</u>

4259 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, പാലോട് രവി
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പ് പ്ലാന്റേഷൻ ഹൗസിംഗ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി വഴി എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ലഭിച്ചത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 03.02.2014-ലെ മറുപടിക്ക്

<u>നിയമവിരുദ്ധ ബഹുനില കെട്ടിടങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ</u>

4260

ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1996 - ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമവും ചട്ടങ്ങളും പ്രകാരമുള്ള സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പേരിൽ സംസ്ഥാനത്തൊട്ടാകെ 2012, 2013 വർഷങ്ങളിൽ എത്ര ബഹുനില ഫ്ളാറ്റുകൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്; വ്യവസ്ഥകൾ പാലിച്ച ശേഷം എത്രയെണ്ണത്തിന് സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് ഉത്തരവ് നൽകിയിട്ടുണ്ടെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) 2013-ൽ മൂന്നു മെട്രോ നഗരങ്ങളിൽ ഇക്കാരണത്താൽ സ്റ്റോപ്പ് മെമ്മോ നൽകിയ ബഹുനില ഫ്ളാറ്റുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>പേരാമ്പ്രയിൽ പുതിയ ഇ.എസ്.ഐ. ആശുപത്രി/ഡിസ്പെൻസറികൾ</u>

4261 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം എവിടെയെല്ലാമാണ് പുതിയ ഇ.എസ്.ഐ. ആശുപത്രി/ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുള്ളത് ;

(ബി) കോഴിക്കോട് ജില്ലയിലെ പേരാമ്പ്രയിൽ ഇ.എസ്.ഐ. ഡിസ്പെൻസറി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പേരാമ്പ്ര, മേഞ്ഞാണ്യം വില്ലേജുകളിൽ ഇ.എസ്.ഐ. പദ്ധതി വ്യാപിപ്പിക്കുന്നതിനായുള്ള പ്രൊപ്പോസൽ സെൻട്രൽ ഗസറ്റിന്റെ വിജ്ഞാപനത്തിൽ വന്നിട്ടുണ്ടോയെന്ന് അറിയാമോ ;

(ഡി) എങ്കിൽ വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പ്രദേശത്ത് ഡിസ്പെൻസറി സ്ഥാപിക്കുന്നത് സംബന്ധിച്ച് സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണറിൽനിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ചേര്‍ത്തല ഇ. എസ്. ഐ. ഡിസ്പെന്‍സറി</u>

4262 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ചേര്‍ത്തല ഇ. എസ്. ഐ. ഡിസ്പെന്‍സറിയില്‍ പ്രതിദിനം മുന്നൂറും നാന്നൂറും രോഗികള്‍ ചികിത്സ തേടിയെത്തുന്നു എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ ഡിസ്പെന്‍സറി ഇപ്പോള്‍ പ്രവര്‍ത്തിക്കുന്നത് യാതൊരു സൗകര്യവുമില്ലാത്ത ചോര്‍ന്നൊലിക്കുന്ന വാടക കെട്ടിടത്തിലാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; ചേര്‍ത്തല ഇ. എസ്. ഐ. ഡിസ്പെന്‍സറിക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിനും കെട്ടിടം പണിയുവാനും അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) ഡിസ്പെന്‍സറിയിലെ മരുന്നിന്റെ ദൗര്‍ലഭ്യം പരിഹരിക്കുവാന്‍ ഇന്റന്റ് പ്രകാരം ആവശ്യപ്പെടുന്ന മുഴുവന്‍ മരുന്നുകളും നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ചേര്‍ത്തല ഇ. എസ്. ഐ. ഡിസ്പെന്‍സറിയെ ഇ. എസ്. ഐ ആശുപത്രിയാക്കുവാനും ഇ. എസ്. ഐ. ഓഫീസും ഡിസ്പെന്‍സറിയും ഒരേ കോമ്പൗണ്ടിലാക്കുവാനും നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

# കേരള നിയമസഭ
## 03.02.2014-ലെ മറുപടിക്ക്

<u>ആർ.എസ്.ബി.വൈ പദ്ധതി</u>

4263 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആർ.എസ്.ബി.വൈ പദ്ധതിയിൽ 2013 ഡിസംബർ 31 വരെ എത്ര പേർ അംഗങ്ങളായിട്ടുണ്ട്?